# പതിനാലാം കേരള നിയമസഭ
# (പതിനാറാം സമ്മേളനം)

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ:3243** **07.11.2019-ൽ മറുപടിയ്ക്ക്**

**ഉൾനാടൻ മത്സ്യകൃഷി**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.എൽദോസ് പി. കുന്നപ്പിള്ളിൽ | ശ്രീമതി. ജെ. മേഴ്സിക്കുട്ടിഅമ്മ<br>(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പ് മന്ത്രി): |
| എ) ഉൾനാടൻ മത്സ്യസമ്പത്തിലുണ്ടായ കുറവ് പ്രസ്തുത മേഖലയിൽ പ്രവർത്തിക്കുന്ന തൊഴിലാളികളെ ദോഷകരമായി ബാധിച്ചുവെന്ന് കണക്കാക്കുന്നുണ്ടോ; | എ) ഉണ്ട്. |
| ബി) പൊതുജലാശയങ്ങളിൽ മത്സ്യകൃഷി വ്യാപിപ്പിക്കുന്ന പദ്ധതി പ്രാവർത്തികമാക്കിയിട്ടുണ്ടോ; പ്രസ്തുത പദ്ധതി ഫലപ്രദമാണെന്ന് വിലയിരുത്തുന്നുണ്ടോ; | ബി) പൊതുജലാശയങ്ങളിൽ മത്സ്യകൃഷി വ്യാപിപ്പിക്കുന്നതിനായി 2019-20 വർഷം ജനകീയ മത്സ്യകൃഷി പദ്ധതിയിലുൾപ്പെടുത്തി ഓരുജല ശുദ്ധജല കൂട്ടുകൃഷി നടപ്പിലാക്കി വരുന്നു. പ്രസ്തുത പദ്ധതിയിലൂടെ കർഷകർക്ക് സാമ്പത്തികവും സാങ്കേതികവുമായ സഹായം നൽകി വരുന്നു. കൂടാതെ റിസർവോയറുകളിൽ കൂട് കൃഷി പദ്ധതിയും നടപ്പിലാക്കി വരുന്നു. പ്രസ്തുത പദ്ധതികൾ ഫലപ്രദമാണെന്ന് ബോധ്യപ്പെട്ടിട്ടുണ്ട്. |
| സി) ഉൾനാടൻ മത്സ്യകൃഷി പ്രോത്സാഹിപ്പിക്കുവാനായി കർഷകർക്ക് എന്തൊക്കെ സഹായങ്ങളാണ് നൽകുന്നതെന്ന് വ്യക്തമാക്കാമോ; | സി) ഉൾനാടൻ മത്സ്യകൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി ജനകീയ മത്സ്യകൃഷി പദ്ധതിയിലുൾപ്പെടുത്തി വിവിധ പദ്ധതികൾ നടപ്പിലാക്കി വരുന്നു. നടപ്പു സാമ്പത്തിക വർഷം 74.2 കോടി രൂപയ്ക്ക് ഭരണാനുമതി നൽകിയതിന്റെ അടിസ്ഥാനത്തിൽ യൂണിറ്റ് കോസ്റ്റിന്റെ 40% തുക പദ്ധതിയുടെ ഗുണഭോക്താക്കൾക്ക് ധനസഹായമായി നൽകി വരുന്നു. കൂടാതെ മത്സ്യകൃഷിയിൽ കർഷകർക്ക് പരിശീലനവും, സാങ്കേതിക സഹായവും ചെയ്തു വരുന്നു. |
| ഡി) ഉൾനാടൻ മത്സ്യതൊഴിലാളി സംരക്ഷണത്തിനായി പ്രത്യേക പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കുമോയെന്ന് വെളിപ്പെടുത്താമോ? | ഡി) ഉൾനാടൻ ജലാശയങ്ങളിലെ മത്സ്യസമ്പത്ത് വർദ്ധിപ്പിക്കുന്നതിലൂടെ മത്സ്യത്തൊഴിലാളികളുടെ സാമ്പത്തിക സ്ഥിതി മെച്ചപ്പെടുത്തുന്നതിലേയ്ക്ക് റാഞ്ചിംഗ് പദ്ധതിയും, വേമ്പനാട്, അഷ്ടമുടി കായലിലെ വിഭവ സംരക്ഷണത്തിനും മത്സ്യത്തൊഴിലാളി സംരക്ഷണത്തിനും പ്രത്യേകം പദ്ധതികൾ ആസൂത്രണം ചെയ്തു നടപ്പിലാക്കി വരുന്നു. |

സെക്ഷൻ ആഫീസർ